# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2257 11.02.2020-ൽ മറുപടിക്ക്

## പുരാവസ്തു സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.എം.സ്വരാജ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | |
|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുരാവസ്തു സംരക്ഷണത്തിനുവേണ്ടി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുരാവസ്തു വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള സംരക്ഷണ പ്രവൃത്തികൾ/പദ്ധതികൾ താഴെ കൊടുക്കുന്നു.<br><br>1. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരത്തിന്റെ പാൽപ്പുര മാളികയുടെയും ക്ലോക്ക് ടവറിന്റെയും സമഗ്രമായ സംരക്ഷണപ്പണികൾ ചെയ്യുന്നതിന് 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തടർന്ന് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2. കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ (ചുറ്റുമതിലിന്റെ സംരക്ഷണ പണി, മേൽക്കൂരയുടെ പണി, തുടങ്ങിയ പ്രവർത്തികൾ) ചെയ്യുന്നതിനായി 56,79,287/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>3. ഹിൽപ്പാലസ് മ്യൂസിയത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾക്കായി 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചു അതോടൊപ്പം മുല്ലപ്പന്തലിന്റെ സംരക്ഷണ പണികളും ക്യാമ്പസിന്റെ വടക്കേ ഭാഗത്തെ ജീർണ്ണിച്ച കെട്ടിടങ്ങളുടെ സംരക്ഷണവും നടത്തുന്നതിന് അനുവദിച്ച 57 ലക്ഷം രൂപ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചു എട്ടുകെട്ട്, കുളപ്പുരമാളിക, മ്യൂസിയത്തോട് ചേർന്ന് കിടക്കുന്ന കുളം എന്നിവയുടെ സംരക്ഷണ ജോലികൾക്കായി 42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിളമ്പുപുര, ചെറിയ ഊട്ടുപുര, അനുബന്ധകെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണ പണികൾക്കായി 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4. കണ്ണൂർ സി.എസ്.ഐ സെന്റ് ജോൺസ് ചർച്ചിന്റെ സംരക്ഷണത്തിനായി 86.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.<br><br>5. എറണാകുളം ഊരമന നരസിംഹമൂർത്തി ക്ഷേത്രത്തിന്റെ ഊട്ടുപുരയുടെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി 2019-20 സാമ്പത്തികവർഷം 30.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>6. കേരള നിയമസഭാ മ്യൂസിയം പൈതൃക മന്ദിരത്തിന്റെ ഒന്നാം ഘട്ട സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 42 ലക്ഷം രൂപ വിനിയോഗിച്ച് പണികൾ പൂർത്തീകരിച്ചു<br><br>7. കാസർഗോഡ് കാഞ്ഞങ്ങാട് ഹോസ്ദുർഗ് കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി 56.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>8. കാസർഗോഡ് ചന്ദ്രഗിരി കോട്ടയുടെ സമഗ്രമായ സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പ്രവൃത്തികൾ നടന്നു വരുന്നു .<br><br>9. തിരുവനന്തപുരം കിഴക്കേ കോട്ടയിലെ കോട്ടഭിത്തികളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി അനുവദിച്ച 14,30,000/- രൂപ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചു<br><br>10. തൃശ്ശൂർ ജില്ലയിലെ എങ്ങണ്ടിയൂർ, ചേറ്റുവ കോട്ടയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികളുടെ ഒന്നാം ഘട്ടം നിർവ്വഹിക്കുന്നതിനായി 1,15,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്.<br><br>11. കൊല്ലം അഞ്ചൽ കോട്ടുക്കൽ ഗുഹാ ക്ഷേത്രത്തിന്റെ സമഗ്ര സംരക്ഷണ പണികൾ ചെയ്യുന്നതിന് 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പണികൾ നടന്നു വരികയുമാണ്.<br><br>12. വടകര കുഞ്ഞാലി മരയ്ക്കാർ സ്മാരകത്തിന്റെ സമഗ്രമായ സംരക്ഷണപ്രവൃത്തികൾ ചെയ്യുന്നതിന് 16.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>13. ആറന്മുള വാഴുവേലിൽ തറവാടിന്റെ സംരക്ഷണ പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. |

| | | | |
|---|---|---|---|
| | | | 14. എറണാകുളം പള്ളിപ്പുറം കോട്ടയിലെ സമഗ്രമായ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>15. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി കുമാരമംഗലത്തു മനയുടെ സമഗ്രമായ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 35.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>16. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഇരവിമംഗലം ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി 91.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ നടന്നു വരികയുമാണ്.<br><br>17. തൃശ്ശൂർ ജില്ലയിലെ വേലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറാന ചർച്ചിന്റെയും കിഴക്കു ഭാഗത്തുള്ള ഗേറ്റ് വേ യുടെയും സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>18. സംരക്ഷിത സ്മാരകമായ കോഴിക്കോട് ജില്ലയിലെ കൽപത്തൂർ പരദേവതാ ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>19. ചങ്ങനാശ്ശേരി തൃക്കൊടിത്താനം മഹാവിഷ്ണു ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>20. പുരാവസ്തുക്കളുടെയും, സംരക്ഷിത സ്മാരകങ്ങളുടെയും രാസ സംരക്ഷണപ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവൃത്തികൾക്കുമായി നാളിതുവരെ 57,31,830/- രൂപ ചെലവഴിച്ചിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**